# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2713 14.12.2015 - ൽ മറുപടിക്ക്

## കാവുംമന്ദം കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കാവുംമന്ദം ടൗണിലെ കുടിവെള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) കാവുംമന്ദം ടൗണിലേയ്ക്ക് മാത്രമായി കുടിവെള്ള പദ്ധതികൾ ഇല്ല. എന്നാൽ കാവുംമന്ദം ഉൾപ്പെടുന്ന തരിയോട് പഞ്ചായത്തിനും സമീപ പഞ്ചായത്തിലേയ്ക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ ശുദ്ധീകരണശാല, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ ശുദ്ധീകരണശാലയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കിണർ, പമ്പ് ഹൗസ് എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. മറ്റു പ്രവൃത്തികളുടെ ടെണ്ടർ വിളിക്കാനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ എം.എസ്.ഡി.പി.യിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി.) നമ്പർ 2327/2015/ജി.എ.ഡി. തീയതി 28/03/2015 പ്രകാരം കല്പറ്റ ബ്ലോക്കിനു കീഴിൽ തരിയോട് പഞ്ചായത്ത് ബാലൻ ചോല കുടിവെള്ള പദ്ധതി എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന് 84.85 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും ജലസ്രോതസ്സ് ഏതാണെന്നും വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ സ്രോതസ്സ് ബാണാസുരസാഗർ റിസർവ്വോയർ ആണ്. ശുദ്ധീകരണശാലയുടെ പ്രവൃത്തി 26/10/2015-നാണ് ആരംഭിച്ചത്. |
| (സി) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ 8-ാം മൈൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെടുത്തി കാവുംമന്ദം ടൗണിലെ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 8-ാം മൈൽ കുടിവെള്ള പദ്ധതി കല്പറ്റ നിയോജകമണ്ഡലത്തിൽ ഇല്ല. |

സെക്ഷൻ ഓഫീസർ